യിൽപ്പെടുത്താം. സംസ്ഥാന ഗവണ്മെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുമായിട്ട് ആലോചിച്ച് ചെയ്യാം. തീർച്ച യായിട്ടും അവരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. കേന്ദ്രം തന്നെ ആ കാര്യങ്ങൾ ചെയ്യേണ്ടതാണ്. ശക്തമായിട്ടുള്ള സമരങ്ങൾ അതിനെതിരായിട്ട് അഖിലേൻഡ്യാ തലത്തിൽ അംഗൻവാടി ജീവനക്കാർ നട ത്തുന്നുണ്ട്. പക്ഷെ ഇന്നും കേന്ദ്രഗവണ്മെന്റിന്റെ കണ്ണ് തുറപ്പിക്കുവാൻ കഴി ഞ്ഞിട്ടില്ല. അതുപോലെതന്നെ പെൻഷൻ സ്കീമിനെ സംബന്ധിച്ച് കേന്ദ്രഗവ ണ്മെന്റുമായിട്ട് ..... നമ്മുടെ തന്നെ എന്തെങ്കിലും പെൻഷൻ സ്കീം കൊണ്ടുവരണമെങ്കിൽ എത്ര വയസ്സിൽ അവർ റിട്ടയർ ചെയ്യുമെന്ന് കേന്ദ്ര ഗവണ്മെന്റ് പറഞ്ഞേ കഴിയൂ. ഇക്കാര്യവും ഞാൻ വീണ്ടും കേന്ദ്രത്തിന്റെ ശ്രദ്ധ യിൽപ്പെടുത്തി. ഒന്നുമില്ലെങ്കിലും സൂപ്പർ ആനുവേഷൻ എത്ര വയസ്സാണെന്നു നിങ്ങൾ പറഞ്ഞാൽ ഞങ്ങൾ ഒരു പെൻഷൻ സ്കീം കൊണ്ടുവരാൻ വേണ്ടി സഹായിക്കാമെന്നു പറഞ്ഞപ്പോൾ കേന്ദ്ര മന്ത്രി എന്നോട് പറഞ്ഞത് കേരളം പല സ്കീമുകളും കൊണ്ടുവരുന്നുണ്ട്. അതുപോലെ എല്ലാ സംസ്ഥാന ങ്ങൾക്കും കഴിയുകയില്ല. അതുകൊണ്ട് ഞങ്ങൾ സൂപ്പർആനുവേഷൻ ഏജ് പ്രഖ്യാപിച്ചാൽ മറ്റ് സംസ്ഥാനങ്ങൾക്ക് ബുദ്ധിമുട്ടാകും. അത് പ്രഖ്യാപി ക്കാതെ നമുക്ക് അവർക്ക് റിട്ടയർമെന്റ് ആനുകൂല്യം കൊടുക്കാനോ പെൻഷൻ സ്കീം കൊണ്ടുവരാനോ കഴിയുകയില്ല. ഇന്ന് ഒരു ചെറിയ പെൻഷൻ സ്കീം ഉണ്ട്. അതനുസരിച്ച് അവർക്ക് ക്ഷേമനിധിയിൽ നിന്നും സേവനം അവസാനിക്കുമ്പോൾ ധനസഹായം കൊടുക്കുന്നുണ്ട്. ഈ ധനസ ഹായത്തിന് സംസ്ഥാന ഗവണ്മെന്റിന്റെ വിഹിതം 10 ശതമാനം ആണ്. മറ്റുള്ള തൊഴിലാളികൾക്ക് കൊടുത്തതുപോലെ ഈകൽ കോൺട്രിബ്യൂഷൻ ആക്ക ണമെന്ന് ധനകാര്യവകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അത് വന്നാൽ കുറ ച്ചുകൂടി മെച്ചപ്പെട്ട സ്ഥിതി ഉണ്ടാക്കാൻ കഴിയും. അദ്ദേഹം ഇതെല്ലാം കൺസി ഡർ ചെയ്യുന്നുണ്ട്. പണത്തിന്റെ ബുദ്ധിമുട്ട് കൊണ്ടാണ് ഇതൊന്നും ചെയ്യാതി രിക്കുന്നത്. വളരെ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് ഹൗസിൽ തന്നെ അദ്ദേഹം പറഞ്ഞതാണ്. അതുകൊണ്ട് പെൻഷൻ സ്കീം ഏർപ്പെടുത്തുന്നതി നുവേണ്ടി കേന്ദ്രത്തോട് സൂപ്പർആനുവേഷൻ ഏജ് പ്രഖ്യാപിക്കാനുള്ള സമ്മർദ്ദം ചെലുത്തുന്നതാണ്. അതുപോലെതന്നെ ഇവിടെ ചെയ്യാവുന്ന കാര്യ ങ്ങൾ ഗവണ്മെന്റ് തീർച്ചയായും ചെയ്യുന്നതായിരിക്കും.

(9) കരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും ടാർ വാങ്ങുന്നതിനുമുള്ള തുക

<u>ശ്രീമതി ആർ. ലതാദേവി</u> : സർ, സംസ്ഥാനത്തെ പൊതുമരാമത്തു പണികൾ സമയ ബന്ധിതമായി ഏറ്റെടുത്ത് നടത്തുന്നതിന് ഈ സർക്കാർ കൈക്കൊള്ളുന്ന നടപടിയെ ഞാൻ സ്വാഗതം ചെയ്യുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ പൊതുമരാമത്തു പണികൾ നടത്താൻ ഏറ്റവും അനുയോജ്യമായ സീസൺ ആണ്. എന്നാൽ അറേഞ്ച് ചെയ്തിട്ടുള്ള പല വർക്കുകളും സപ്ലൈ പൂർത്തീകരിച്ചു കഴിഞ്ഞിട്ടും ടാറിന്റെ ലഭ്യതക്കുറവുമൂലം തുടങ്ങാൻ സാധിക്കുന്നില്ല. പലയിടങ്ങളിലും സപ്ലൈ ചെയ്തിട്ടുള്ള കല്ലുകൾ ജനപ്രതിനിധികൾക്ക് വലിയ ബാദ്ധ്യതയായിട്ട് ഇപ്പോൾ മാറിയിരിക്കുകയാണ്. ടാർ വാങ്ങുന്നതിനുള്ള പണം മുൻകൂറായിട്ട് തരാൻ പൊതുമരാമത്ത് വകുപ്പിന് സാധിക്കുന്നില്ലെയെന്നുള്ളതുകൊണ്ടാണ് ടാർ ക്ഷാമം വന്നത്. ഡിസംബർ 31-നകം കുഴികൾ അടയ്ക്കുന്നതിനാവശ്യ

LIBRARY ARCHIVES Kerala Legislative Assembly

മായ ടാർ ഇപ്പോൾ പല ഡിവിഷനുകളിലുമില്ല. പ്രത്യേകിച്ച് കൊല്ലം ഡിവിഷനിൽ. അതോടൊപ്പം തന്നെ കരാർ കുടിശ്ശിക കൊടുത്തു തീർക്കാൻ സാധിക്കാത്തതിനാൽ ഒറ്റപ്പെട്ട ചില സ്ഥലങ്ങളിലെങ്കിലും കോൺട്രാക്ടർമാർ വർക്ക് എടുക്കുന്നില്ല. എടുത്താൽ തന്നെ എസ്റ്റിമേറ്റിന്റെ പല മടങ്ങ് തുക അധികരിച്ച് അവർക്ക് കൊടുക്കേണ്ടിയിരിക്കുന്നു. എന്നിട്ടും സമയത്ത് വർക്കുകൾ തുടങ്ങുകയും തീർക്കുകയും ചെയ്യുന്നില്ല. പണികളുടെ ഗുണനിലവാരം വളരെ കുറയുകയാണ്. അവർക്ക് അവരുടെതായിട്ടുള്ള പ്രശ്നങ്ങളുണ്ടാകും. ആയതിനാൽ അടിയന്തിരമായിട്ട് കരാർ കുടിശ്ശിക കൊടുത്തു തീർക്കാനുള്ള നടപടിയുടെ ഗതിവേഗം വർദ്ധിപ്പിക്കാനും ടാർ വാങ്ങുന്നതിനാവശ്യമായിട്ടുള്ള തുക കൊടുക്കുന്നതിനും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കരാറുകാരുടെ കുടിശ്ശിക തീർക്കാനും പൊതുമരാമത്ത് വകുപ്പ് (റോഡുകളുടേയും പാലങ്ങളുടേയും) വിഭാഗത്തിന് ഈ സാമ്പത്തിക വർഷം പദ്ധതിയേതര ഇനത്തിൽ 82.35 കോടി രൂപയും പദ്ധതി ഇനത്തിൽ 63.61 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ യഥാക്രമം 56.18 കോടി രൂപയും 31.46കോടി രൂപയും ലെറ്റർ ഓഫ് ക്രെഡിറ്റായിട്ട് നൽകിക്കഴിഞ്ഞു.

നാഷണൽ ഹൈവേയിൽ കരാറുകാരുടെ കുടിശ്ശിക തീർക്കുന്നതിന് ഈ സാമ്പത്തികവർഷം പദ്ധതി ഇനത്തിൽ 103.50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 83.25 ലക്ഷം രൂപ ലെറ്റർ ഓഫ് ക്രെഡിറ്റായി നൽകിക്കഴിഞ്ഞു.

പൊതുമരാമത്ത് വകുപ്പ് (കെട്ടിടങ്ങളും ലോക്കൽ വർക്ക്സും) വിഭാഗത്തിനും ഈ സാമ്പത്തിക വർഷം പദ്ധതിയേതര ഇനത്തിൽ 38.07 കോടി രൂപയും പദ്ധതിയിനത്തിൽ 58.93 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ യഥാക്രമം 18.62 കോടി രൂപയും 26.17 കോടിരൂപയും ലറ്റർ ഓഫ് ക്രെഡിറ്റായി നൽകിക്കഴിഞ്ഞു. കൂടാതെ കുടിശ്ശിക കൊടുത്തുതീർക്കുന്നത് ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ ഉപധനാഭ്യർത്ഥനയിൽ പദ്ധതിയേതര ഇനത്തിൽ (റോഡുകൾക്കും പാലങ്ങൾക്കും) 62.66 കോടി രൂപയും പദ്ധതി ഇനത്തിൽ 77.48 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ആകെ 140.14 വരും. അതിൽ യഥാക്രമം 41.77 കോടിരൂപയും 56.91 കോടി രൂപയും ലെറ്റർ ഓഫ് ക്രെഡിറ്റായി നൽകിക്കഴിഞ്ഞു. കൊണ്ടുവരാൻ പോകുന്ന ഉപധനാഭ്യർത്ഥനയിൽ തന്നെ കെട്ടിടങ്ങളും ലോക്കൽ വർക്സിനും പദ്ധതിയേതര ഇനത്തിൽ 106.24 ലക്ഷം രൂപയും പദ്ധതിയിനത്തിൽ 1863.19ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അതിൽ യഥാക്രമം 33.72 ലക്ഷം രൂപയും 1292.02 രൂപയും ലെറ്റർ ഓഫ് ക്രെഡിറ്റായി നല്കിയിട്ടുണ്ട്. ടാർ വാങ്ങുന്നതിന് ഈ സാമ്പത്തികവർഷം 30 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. അതിൽ 13.50 കോടി രൂപയ്ക്കുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് രണ്ട് ഗഡുക്കളായി നല്കി. ഇനിയും ഈ ആവശ്യത്തിലേയ്ക്ക് രണ്ട് ഗഡുക്കളായി 16.59 കോടിരൂപ ഉടനെത്തന്നെ നല്കുന്നതാണ്. പൊതുമരാമത്ത് കരാറുകാരുടെ കുടിശ്ശിക തീർക്കുന്നതിനും ടാർ വാങ്ങുന്നതിനുമായി ബഡ്ജറ്റിലും ഉപധനാഭ്യർത്ഥനയിലുമായി നീക്കിവച്ചിരിക്കുന്നതിൽ അവശേഷിക്കുന്ന തുകയും അടുത്ത മാസങ്ങളിൽ ലെറ്റർ ക്രെഡിറ്റായി നല്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly